**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 234** **27-01-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്റ്റാഫിന്റെ കുറവുമൂലം രാത്രികാല പോസ്റ്റ്മോർട്ടം നിർത്തിവച്ചത് പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

**മറുപടി:** മഞ്ചേരി സർക്കാർ മെഡിക്കൽ കോളജിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി രാത്രികാല പോസ്റ്റ്മോർട്ടം നടത്തി വന്നിരുന്നു. എന്നാൽ രാത്രികാല പോസ്റ്റുമോർട്ടം നടപ്പിലാക്കിയതിനെതിരെ ഡോ.ആനന്ദൻ.റ്റി.പി യും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No.1186/2025 കേസിൽ ബഹു. ഹൈക്കോടതി തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

**(ബി)** കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നാളിതുവരെ അനുവദിച്ച തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ സർക്കാർ മെഡിക്കൽ കോളജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മിഷൻ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. നാഷണൽ മെഡിക്കൽ കമ്മിഷൻ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പര്യാപ്തമായത്ര അധ്യാപക-അനധ്യാപക തസ്തികകൾ എല്ലാ സർക്കാർ മെഡിക്കൽ കോളജിലേക്കും സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ 57 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**(സി)** ഈ കാലയളവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ആരംഭിച്ച പദ്ധതികളും അതിനുവേണ്ടി അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2016-25 കാലഘട്ടത്തിൽ കൈവരിച്ച പ്രധാന വികസന നേട്ടങ്ങൾ

| | | |
|---|---|---|
| 1. | ബോയ്സ് ഹോസ്റ്റൽ, നോൺ ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ് ,ടീച്ചിംഗ് സ്റ്റാഫ് ക്വാർട്ടേഴ്സ് ഗേൾസ് ഹോസ്റ്റൽ, ഇന്റേണൽ റോഡ്, ആഡിറ്റോറിയം (സിവിൽ)- | 103.86 കോടി |
| 2. | കാന്റീൻ കെട്ടിട നിർമ്മാണം | 84,48,000/- |

| | | |
|---|---|---|
| 3. | ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക് | 1,10,00,000/- |
| 4. | ആശുപത്രിയിൽ 750 കെ.വി.എ ജനറേറ്റർ | 1,38,00,000/- |
| 5. | ലേബർ റൂമിന്റെ വിപുലീകരണം | 1,20,00,000/- |
| 6. | മോർച്ചറി കെട്ടിട നവീകരണം | 25,00,000/- |
| 7. | കുട്ടികളുടെ ഐ.സി.യു എച്ച്.ഡി.യു& വാർഡ്<br><br>ERCP Fund | 2.65 കോടി |
| 8. | VRDL (DHR-ICMR Project) | 2,35,61,000/- |
| 9. | HDU NICU &PICU | 72,82,000/- |
| 10. | റസിഡന്റ്സ് ക്വാർട്ടേഴ്സ് ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോറുകൾ | 2,97,79,000/- |
| 11. | 128 slice CT Scan (KHRWS) | 5 കോടി |
| 12 | മോർച്ചറി കോംപ്ലക്സ് | 40 ലക്ഷം |
| 13 | ഫയർ & സേഫ്റ്റി സംവിധാനം<br><br>Construction of Sump and Pump house | 1 കോടി |
| 14 | റസിഡന്റ്സ് ക്വാർട്ടേഴ്സ് 2nd & 3rd ഫ്ലോറുകൾ | 1 കോടി അനുവദിച്ചത് പിഡബ്ല്യുഡിയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |
| 15 | ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക് വിപുലീകരണം | 31,72,000/- |
| 16 | ഡയാലിസിസ് സെന്റർ (എം.പി ഫണ്ട്) | 58 ലക്ഷം |
| 17 | ആർട്ടിഫിഷ്യൽ ലിംപ് ഫിറ്റിംഗ് സെന്റർ | 50 ലക്ഷം (പി.ഡബ്ല്യു.ഡി മുഖേന പ്രവൃത്തി നടന്നു വരുന്നു) |
| 18 | എസ്.ടി.പി (അൾട്രാഫിൽട്രേഷൻസംവിധാനം) | 60 ലക്ഷം |
| 19 | കാത്ത് ലാബ് | 8 കോടി |
| 20 | പുതിയ വാർഡ് നിർമ്മാണം | 1 കോടി 79 ലക്ഷം |
| 21 | ആർട്ടിഫിഷ്യൽ ലിംപ് ഫിറ്റിംഗ് സെന്ററിന്റെ തുടർ നിർമ്മാണത്തിനും ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കുമായി | 1കോടി<br><br>86 ലക്ഷം<br><br>(പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡി മുഖേന നടന്നു വരുന്നു) |
| 22 | ആശുപത്രിയിലെ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും സിവിൽ പ്രവൃത്തികൾക്കും | 2കോടി 50 ലക്ഷം (പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡി മുഖേന നടന്നു വരുന്നു) |
| 23 | മൈനർ വർക്സ്<br><br>2023-24 | 1കോടി 5 ലക്ഷം (പ്രവൃത്തി പി.ഡബ്ല്യു.ഡി മുഖേന നടന്നു വരുന്നു) |
| 24 | ഫയർ & സേഫ്റ്റി സ്റ്റെയർ, ഹാൻഡ്രയിൽസ് (2024-25) | 50 ലക്ഷം (പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡി മുഖേന നടന്നു വരുന്നു) |

ഇതു കൂടാതെ 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണം നടത്തി വരുന്നു.

60 സീറ്റോടുകൂടിയ Nursing college ആരംഭിച്ചു.

PG കോഴ്സ് ആരംഭിച്ചു.

കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചു.

**(ഡി)** മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ന്യൂറോളജി, യൂറോളജി, കാർഡിയോളജി എന്നീ ഡിപ്പാർട്ട്മെന്റുകളിൽ ആവശ്യമായ സ്പെഷ്യലിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** കാർഡിയോളജി വിഭാഗത്തിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഫാക്കൽറ്റികൾ ജോലി ചെയ്യുന്നുണ്ട്. ന്യൂറോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഫാക്കൽറ്റി നിലവിലുണ്ട്. എന്നാൽ കാർഡിയോളജി, യൂറോളജി വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഫാക്കൽറ്റികളെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കുന്നതാണ്. പ്രസ്തുത ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ഇ)** മഞ്ചേരി മെഡിക്കൽ കോളേജിൽ നെഫ്രോളജി വിഭാഗത്തിന്റെ പ്രവർത്തനം ആഴ്ചയിൽ ഒരു ദിവസമെന്നതിന് പകരം മൂന്നുദിവസം രോഗപരിശോധന നടത്തുന്ന വിധത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയാണുള്ളത്. ടി വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**